(സി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കാവഞ്ചേരി ഇസ്മയേൽ എന്നയാളെ കാവന്നൂർ പബ്ലിക് ഹെൽത്ത് സെൻററിലെ നേഴ്സിംഗ് അസിസ്റ്റൻറ് മർദ്ദിച്ചതായി ആരോപിച്ചുകൊണ്ട് അരീക്കോട് പബ്ലിക് ഹെൽത്ത് സെൻററിൽ പ്രവേശിപ്പിച്ചതായി ഇൻറിമേഷൻ ലഭിച്ചതനുസരിച്ച് അരീക്കോട് പോലീസ് ഇയാളുടെ മൊഴി രേഖപ്പെടുത്തി. മൊഴി പ്രകാരം പോലീസിന് നേരിട്ട് നടപടി സ്വീകരിക്കേണ്ട കുറ്റകൃത്യം (cognizable offence) നടന്നതായി പറഞ്ഞിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. നേഴ്സിംഗ് അസിസ്റ്റൻറ് വിജയനെ ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സപ്പെടുത്തിയതായ പരാതിയിൻമേൽ ഇസ്മയേലിനെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 353-ാം വകുപ്പു പ്രകാരം ക്രൈം 11/96-ാം നമ്പരായി അരീക്കോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ബാധകമല്ല.

സഹകരണവകുപ്പ് മന്ത്രിയെ വഴി തടഞ്ഞ സംഭവം

41 [1157] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പുമന്ത്രിയെ വഴിതടഞ്ഞ സംഭവങ്ങളിൽ 1996 ഫെബ്രുവരി 29 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; മൊത്തം എത്ര പ്രതികളുണ്ട്;

(ബി) ഈ സംഭവങ്ങളിൽ എത്ര പോലീസ് ലാത്തി ചാർജ്ജുകളും വെടിവയ്പുകളും ഉണ്ടായിട്ടുണ്ട്; എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൊത്തം 6066 പ്രതികളുണ്ട്.

(ബി) 2 വെടിവയ്പുകളും 3 ലാത്തി ചാർജ്ജുകളും ഉണ്ടായിട്ടുണ്ട്. 162 പോലീസ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 243 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ഹെഡ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

42 [1159] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിൽ എത്ര ഹെഡ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly